ഉത്തരം

(എ) 1. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്.

2. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്.

3. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്.

(ബി) മൂന്ന് കമ്പനികളുടെയും ഓഫറിന്റെ താരതമ്യപഠനം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനിക്ക്.

(ഡി) അടിസ്ഥാന വിലയിൽ നിന്ന് 31/2 ശതമാനം കിഴിവോടെയാണ് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഇന്ധനം നൽകുന്നത്. അതിനാൽ നഷ്ടമുണ്ടാവുകയില്ല.

മുളംമൂട്-ചന്ദ്രൻകോക്കോട് വൈദ്യുതി ലൈൻ

101(1004) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ പഞ്ചായത്തിൽ മുളംമൂട്-ചന്ദ്രൻ കോക്കോട് വൈദ്യുതി ലൈനിനുവേണ്ടി പഞ്ചായത്തു വഴി എന്ത് തുക വൈദ്യുതി ബോർഡിൽ അടച്ചിട്ടുണ്ട് ;

(ബി) ഈ പണിയുടെ എസ്റ്റിമേറ്റ് എത്രയാണ് ;

(സി) ഇതിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 77.680 രൂപ അടച്ചിട്ടുണ്ട്.

(ബി) 77,680 രൂപ.

(സി) 2000 മാർച്ച് മാസത്തിൽ.

സ്വകാര്യ ടി.വി. ചാനലിന്റെ ഓഹരികൾ വാങ്ങുന്നതിനുള്ള അനുമതി

102(1005) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ടി.വി. ചാനലിന്റെ ഓഹരികൾ വാങ്ങുന്നതിന് വൈദ്യുതി ബോർഡ് ജീവനക്കാർക്ക് വൈദ്യുതി ബോർഡും സംസ്ഥാന സർക്കാരും അനുമതി നൽകിയിട്ടുണ്ടോ ;

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly